## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3047 — 22.6.2012-ൽ മറുപടിയ്ക്ക്

### ഹോർട്ടികൾച്ചർ മിഷന് 2011-12ൽ അനുവദിച്ച തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് 2011-12ൽ പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയായിരുന്നു; | (എ) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് 2011-12 ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായ 943.24 ലക്ഷം രൂപ അനുവദിച്ചു. |
| (ബി) | ഇങ്ങനെ നീക്കിവയ്ക്കപ്പെട്ട സംസ്ഥാന വിഹിതത്തിൽ എന്ത് തുക മിഷന് 2011-12 ൽ നൽകി; | (ബി) | അനുവദിച്ച തുക മുഴുവനും സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് നൽകുകയുണ്ടായി. |
| (സി) | പ്രസ്തുത തുകയും കേന്ദ്രവിഹിതവും ഉൾപ്പെടെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് എത്ര തുക പദ്ധതിയിനത്തിൽ ലഭിച്ചു; | (സി) | കേന്ദ്ര വിഹിതമായ 5345 ലക്ഷം രൂപയും സംസ്ഥാന വിഹിതമായ 943.24 ലക്ഷം രൂപയും ഉൾപ്പടെ 6288.24 ലക്ഷം രൂപ പദ്ധതിയിനത്തിൽ ലഭിച്ചു |
| (ഡി) | 2011-12 ൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പുതിയതായി രൂപം നൽകിയ പദ്ധതികൾ ഏതെല്ലാം ആണ്; വിശദമാക്കാമോ; | (ഡി) | 2011-12 നടപ്പുസാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്ന '' പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും '' എന്ന പദ്ധതി, വാഴ, പച്ചക്കറികൾ എന്നിവയുടെ സൂക്ഷ്മകൃഷി, ടിഷ്യൂക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷി, കൂൺകൃഷി വികസനം, വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിലെ |

| | | | |
|---|---|---|---|
| | | | ശീതകാല പച്ചക്കറികൃഷി, ഇടുക്കി ജില്ലയിലെ ശീതകാല ഫലവർഗ്ഗകൃഷി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും നീക്കിവച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ഇ) | പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന പദ്ധതിയിൽ 1071.63 ലക്ഷം രൂപയും വട്ടവട, കാന്തല്ലൂർ മേഖലയിലെ ശീതക്കാല പച്ചക്കറി വികസനത്തിനുള്ള പദ്ധതിയിൽ 1164.05 ലക്ഷം രൂപയും നീക്കി വച്ചിരിക്കുന്നു. |
| (എഫ്) | പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും ഖജനാവിൽ നിന്നും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ? | (എഫ്) | പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന പദ്ധതിയിൽ 1070 ലക്ഷം രൂപയും വട്ടവട, കാന്തല്ലൂർ മേഖലയിലെ ശീതക്കാല പച്ചക്കറി വികസനത്തിനുള്ള പദ്ധതിയിൽ 2931.30 ലക്ഷം രൂപയും ഖജനാവിൽ നിന്നും ചെലവായി. |

**സെക്ഷൻ ഓഫീസർ**